3365
24/3/15

**കേരള സർക്കാർ**

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- ഓർഫനേജുകൾ ധർമ്മസ്ഥാപനങ്ങൾ എന്നിവ വഴി നടപ്പാക്കുന്ന ക്ഷേമ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പ്രചാരണം നൽകുന്നതിനായി ഹാന്റ്ബുക്ക് പ്രസിദ്ധീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ (സാധാ)നം. 150/2015/സാനീവ തിരുവനന്തപുരം, തീയതി,19.03.2015

---

പരാമർശം:- സാമൂഹ്യനീതി ഡയറക്ടറുടെ 19.12.2014ലെ OCB1/2633/14 നം. കത്ത്

## ഉത്തരവ്

സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന 2026 ഓളം ക്ഷേമസ്ഥാപനങ്ങളിലായി ഒരു ലക്ഷത്തിൽപരം അനാഥ അഗതികളെ സംരക്ഷിച്ചുവരുന്നു. ഈ സ്ഥാപനങ്ങൾക്ക് സർക്കാരിൽ നിന്നും പലതരത്തിലുള്ള സഹായങ്ങൾ ലഭിയ്ക്കുന്നുണ്ട്. ക്ഷേമസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, നിയമങ്ങൾ, റഗുലേഷൻസ് എന്നിവ പുസ്തകരൂപത്തിലാക്കി എല്ലാ ക്ഷേമസ്ഥാപനങ്ങൾക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കുമായി നൽകുന്നതിന് ആയതിന്റെ 3000 പകർപ്പുകൾ സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ അംഗപരിമിതർക്കായി പ്രവർത്തിക്കുന്ന വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ മുഖേന പ്രിന്റ് ചെയ്യുന്നതിനുള്ള ഭരണാനുമതി നൽകണമെന്ന് പരാമർശത്തിലെ കത്തു പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ക്ഷേമസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളും ടി സ്ഥാനപങ്ങൾക്കു സർക്കാർ നൽകി വരുന്ന വിവിധ സഹായങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളുന്ന ഹാന്റ് ബുക്കിന്റെ 3000 പ്രതികൾ അംഗപരിമിതർക്കുവേണ്ടിയുള്ള വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ മുഖേന അച്ചടിക്കുന്നതിന് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു. ആയതിനു വേണ്ടിവരുന്ന തുകയായ 5,24,895/-രൂപ 2235-60-200-83-Plan ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**എൽ.എ.ഗ്രിഗോറിയസ്**
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, OCB, വികാസ് ഭവൻ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം
വെബ്& ന്യൂ മീഡിയ വിഭാഗം(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ.